പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2804 **28-10-2026-ൽ മറുപടിയ്ക്ക്**

കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ നിയമഭേദഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. കെ. പ്രേമൻ

ശ്രീ. കെ. പ്രേംകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ നിയമം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നില്ല. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് (KMFR Act) എന്ന നിയമമാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നത്.

KMFR നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. 15-09-2026-ൽ ബഹു. വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, മത്സ്യമേഖലയിലെ വിവിധ സംഘടനാ പ്രതിനിധികൾ ഉന്നയിച്ച വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥതല സബ്കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർ അധ്യക്ഷനായിട്ടുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എങ്കിൽ പ്രസ്തുത നിയമ ഭേദഗതിക്ക് മുമ്പ് മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, ഈ മേഖലയിലെ സംഘടനകൾ എന്നിവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുന്നതിന് സൗകര്യമൊരുക്കുമോ;

മറുപടി: പ്രസ്തുത നിയമ ഭേദഗതിയ്ക്ക് മുമ്പ് മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, ഈ മേഖലയിലെ സംഘടനകൾ എന്നിവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുന്നതിന് സൗകര്യമൊരുക്കും. ഫിഷറീസ് ഡയറക്ടർ അധ്യക്ഷനായിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റി തയ്യാറാക്കുന്ന കരട് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ സഹായത്തോടെ മത്സ്യമേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളുമായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സ്റ്റേക്ക് ഹോൾഡർ മീറ്റിംഗുകൾ നടത്തണമെന്നും കരട് പ്രൊപ്പോസലിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമം ഭേദഗതി ചെയ്യുമ്പോൾ നിലവിലെ കാലാവസ്ഥാ വ്യതിയാനം കൂടി കണക്കിലെടുത്ത് മത്സ്യസമ്പത്ത് പരിപാലിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ?

മറുപടി: KMFR നിയമം ഭേദഗതി ചെയ്യുന്നതിനായി സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റി, നിലവിലെ കാലാവസ്ഥാ വ്യതിയാനം മത്സ്യസമ്പത്തിനും സമുദ്ര ആവാസ വ്യവസ്ഥയ്ക്കും മത്സ്യബന്ധന മേഖലയ്ക്കും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ കൂടി വിശദമായി പരിശോധിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപാലനം ഉറപ്പാക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ നിയമഭേദഗതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യതയും കമ്മിറ്റി പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ